# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം.452 - 10/03/2015 - ലെ മറുപടിക്ക്

### നടപ്പുവർഷം പ്രഖ്യാപിച്ച പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ<br>ശ്രീ. കെ.സുരേഷ് കുറുപ്പ്<br>ശ്രീ. കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ. ജെയിംസ് മാത്യു | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) നടപ്പുവർഷം പ്രഖ്യാപിച്ച പദ്ധതികൾ പ്രാവർത്തികമാക്കുന്നതിന് ധനം ലഭ്യമാക്കുന്നതിന് സർക്കാരിന് സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ നിന്നുകൊണ്ടും ലഭ്യമാകാൻ സാദ്ധ്യതയുള്ള വരുമാനത്തിൽ നിന്നു കൊണ്ടും പ്രഖ്യാപിത പദ്ധതികൾ സാമ്പത്തിക വർഷത്തിൽ പൂർത്തീക്കുന്നതിനായി നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. പ്രഖ്യാപിത പദ്ധതികൾ സാമ്പത്തിക വർഷത്തിൽ തന്നെ പൂർത്തീകരിക്കുന്നതിനും ധനകാര്യ മാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായും വിഭവ സംരക്ഷണത്തിനും അധിക വിഭവ സമാഹരണത്തിനും ഉതകുന്ന നടപടികൾ ഇതിനകം കൈക്കൊണ്ടിട്ടുണ്ട്. |
| (ബി) പ്രഖ്യാപിച്ച പദ്ധതികൾ സംസ്ഥാനത്തെ സാമ്പത്തിക പ്രതിസന്ധി കാരണം ഉപേക്ഷിക്കുകയോ വെട്ടിച്ചുരുക്കുകയോ ചെയ്യേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ടോ; | പ്രഖ്യാപിച്ച പദ്ധതികൾ ഉപേക്ഷിക്കുകയോ വെട്ടിച്ചുരുക്കുകയോ ചെയ്തിട്ടില്ല. |
| (സി) വിഭവസമാഹരണം ഉറപ്പിക്കാൻ സാധിക്കാത്ത വിധത്തിൽ പദ്ധതി വിഭാവനം ചെയ്തതും ഇതിന് കാരണമായെന്ന് കണക്കാക്കാമോ; | ബാധകമല്ല. |
| (ഡി) നടപ്പു വർഷത്തെ നാളിതുവരെയുള്ള പദ്ധതിചെലവ് എത്ര ; ഇതിൽ ഇപ്പോഴും ട്രഷറി അക്കൗണ്ടുകളിൽ കിടക്കുന്നവ | 31.01.2015 വരെയുള്ള താൽകാലിക കണക്കുപ്രകാരം 8581 കോടി രൂപ (43 %) ചെലവഴിച്ചിട്ടുണ്ട്. ട്രഷറി അക്കൗണ്ടിലുള്ള |

| | |
|---|---|
| എത്രയെന്ന് വിശദമാക്കുമോ ; | തുക സംബന്ധിച്ച വിവരങ്ങൾ സാമ്പത്തിക വർഷത്തിന്റെ അവസാനത്തോടുകൂടി മാത്രമേ വ്യക്തമാകുകയുള്ളൂ. |
| (ഇ) കേന്ദ്രാവിഷ്കൃതം ഉൾപ്പെടെ പദ്ധതി അടങ്കലിന്റെ എത്ര ശതമാനം യഥാർത്ഥത്തിൽ ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ; | കേന്ദ്രാവിഷ്കൃതപദ്ധതികൾക്ക് അനുവദിച്ച 2733.54 കോടി രൂപയിൽ 31.01.2015 വരെയുള്ള താൽകാലിക കണക്ക് പ്രകാരം 1136 കോടി രൂപ (42%) ചെലവഴിച്ചിട്ടുണ്ട്. |
| (എഫ്) നടപ്പു വർഷം എത്ര കോടിരൂപ വായ്പയെടുത്തു; റവന്യൂകമ്മി എത്ര കോടിയായി ഉയർന്നു; വ്യക്തമാക്കുമോ? | നടപ്പു സാമ്പത്തിക വർഷം 31.12.2014 വരെയുള്ള അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്ക് പ്രകാരം 15841.74 കോടി രൂപ കടമെടുത്തിട്ടുണ്ട്. ഈ കാലയളവിലെ റവന്യൂ കമ്മി 8848.27 കോടി രൂപയാണ്. |

സെക്ഷൻ ഓഫീസർ